# സെന്റ് തോമസ് ഹൈസ്കൂൾ
## മരങ്ങാട്ടുപിള്ളി

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-2026



# ഉള്ളടക്കം

ആമുഖം

സ്കൂൾ ചരിത്രം

അക്കാദമിക് മാസ്റ്റർ പ്ലാൻ - പൊതു ലക്ഷ്യങ്ങൾ

**പ്രവർത്തനങ്ങൾ**

ജനറൽ

ഇംഗ്ലീഷ്

ഗണിതം

മലയാളം

സാമൂഹ്യശാസ്ത്രം

ശാസ്ത്രം

ഹിന്ദി

കായിക വിദ്യാഭ്യാസം

ആരോഗ്യ വിദ്യാഭ്യാസം

പ്രവർത്തിപരിചയം

കലാ വിദ്യാഭ്യാസം

ഉപസംഹാരം

# ആമുഖം

മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂൾ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ”മിഷൻ 100” അക്കാദമിക് മാസ്റ്റർ തയ്യാറാക്കുന്നതിനായി ഹെഡ് മാസ്റ്റർ, സീനിയർ അസിസ്റ്റന്റ് ,എസ് ആർ ജി കൺവീനർ, പിറ്റിഎ എംപിറ്റിഎ പ്രസിഡന്റുമാർ എന്നിവർ ഒരുമിച്ച് ചേർന്ന് 2025 ജൂൺമാസം രണ്ടാം തീയതി വിദ്യാലയം നേരിടുന്ന പ്രതിസന്ധികൾ മറികടക്കുന്നതിനായി ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് രൂപരേഖ തയ്യാറാക്കി. ഇത് സ്കൂൾ എസ് ആർ ജി യോഗത്തിന് വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കൈമാറുകയുണ്ടായി. ജൂൺ അവസാനവാരം വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

മരങ്ങാട്ടുപിള്ളിയുടെ വിദ്യാഭ്യാസ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് സെന്റ് തോമസ് ഹൈസ്കൂൾ. ഇവിടുത്തെ നല്ലവരായ നാട്ടുകാരുടെയും ഇവിടെ സേവനം ചെയ്ത വൈദികരുടെയും കഠിനാധ്വാനത്തിന്റെയും ദീർഘവീക്ഷണ ത്തിന്റെയും ഫലമാണ് ഈ സരസ്വതി ക്ഷേത്രം .1920 ൽ എൽ പി സ്കൂൾ സ്ഥാപിച്ചു .ഈ നാട്ടുകാരുടെ വിദ്യാഭ്യാസ പുരോഗതിക്ക് വഴിതെളിച്ച ഈ സ്ഥാപനം 1948 മിഡിൽ സ്കൂൾ ആയി ഉയർത്തി. 1951 ൽ ഹൈസ്കൂൾ നിലവിൽ വന്നു .1954 ൽ എസ്എസ്എൽ സി ആദ്യ ബാച്ച് പുറത്തിറങ്ങി. നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ വികസനത്തിന് ഹേതുഭൂതുവായ ഈ സരസ്വതി ക്ഷേത്രത്തിൽ നിന്ന് വിജ്ഞാനം ആർജിച്ച് തലമുറകൾ ജീവിതത്തിന്റെ വിവിധ കർമ്മമണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കലാപരവും കായികപരവുമായ ആത്മീയമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ വിദ്യാലയം ശിക്ഷണത്തിലും വിജയത്തിലും ഉന്നത നിലവാരം പുലർത്താൻ ശ്രമിക്കുന്നു .ഇപ്പോഴത്തെ സ്കൂൾ മാനേജർ റവ. ഫാ.ജോസഫ് ഞാറക്കാട്ടിൽ സ്കൂളിന്റെ സർവ്വതോന്മുക വളർച്ചയ്ക്കായി അക്ഷീണം പ്രയത്നിക്കുന്നു.

ഇപ്പോൾ മരങ്ങാട്ടുപള്ളി സെന്റ് തോമസ് എച്ച്എസ് ൽ അഞ്ചു മുതൽ 10 വരെ ക്ലാസുകളാണുള്ളത്. ഹെഡ്മിസ്ട്രസ് ആയി ശ്രീമതി ലിന്റ എസ് പുതിയാപറമ്പിൽ സേവനം ചെയ്യുന്നു. എച്ച് എസ് വിഭാഗത്തിൽ 11 അധ്യാപകരും യുപി വിഭാഗത്തിൽ 9 അധ്യാപകരും ആണുള്ളത് . നാല് അനധ്യാപകരും ഒരു കായിക അധ്യാപകനും ജോലി ചെയ്യുന്നുണ്ട്. 5, 7, 8,10 ക്ലാസുകളിൽ 3 ഡിവിഷൻ വീതവും 6, 9 ക്ലാസുകളിൽ രണ്ടു ഡിവിഷൻ വീതവും ഉണ്ട്.ഹൈസ്കൂൾ വിഭാഗത്തിൽ 212 കുട്ടികളും യു പി വിഭാഗത്തിൽ 249 കുട്ടികളും ഉൾപ്പടെ ആകെ 461 കുട്ടികൾ പഠിക്കുന്നു.

## 2025-2026 വർഷത്തെ അധ്യാപക അനധ്യാപകർ

ശ്രീമതി ലിന്റ എസ് പുതിയാപറമ്പിൽ (ഹെഡ്മിസ്ട്രസ്)
ശ്രീ. ജോബി റ്റി യു (സീനിയർ അസിസ്റ്റന്റ് )
ശ്രീ. ഷിനു പി തോമസ് (സ്റ്റാഫ് സെക്രട്ടറി )
ശ്രീ. ധീരജ് അഗസ്റ്റിൻ (എച്ച്എസ് റ്റി ,ഇംഗ്ലീഷ്)
ആൻസമ്മ ജേക്കബ് (എച്ച് എസ് റ്റി, മലയാളം )
ശ്രീ. ജയിംസ് ഇ ജെ (എച്ച് എസ്  റ്റി  ,ബയോളജി)
ശ്രീ. ജോബി തോമസ് (എച്ച് എസ് റ്റി,കണക്ക് )
ശ്രീ ജോബിൻ ജോസ്( എച്ച് എസ്  റ്റി ,സയൻസ്)
ശ്രീമതി സലോമി തോമസ് (എച്ച് എസ് റ്റി സോഷ്യൽ സയൻസ് )
ശ്രീമതി രമ്യ ചന്ദ്രൻ (എച്ച് എസ് റ്റി സോഷ്യൽ സയൻസ് )
ശ്രീമതി നിമിഷ സജീവ് (ഫിസിക്കൽ സയൻസ്)
സി. സോളി ജോസഫ് കെ.ജെ  (യു പി എ സ്സ് എ)
ശ്രീമതി  ആതിര സി മാനുവൽ(യു പി എ സ്സ് എ)
സി. ലിന്റു ജോർജ്  (യു പി എ സ്സ് എ)
കുമാരി സിമി ജോർജ് (യു പി എ സ്സ് എ)
ശ്രീമതി നീതു ജോസഫ്  (യു പി എ സ്സ് എ)
സി. സെ്റ്റല്ല തോമസ് (യു പി എ സ്സ് എ)
ശ്രീമതി മിനിസ് ജോൺ  (യു പി എ സ്സ് എ)
കുമാരി സാറാ ജോർജ് (യു പി എ സ്സ് എ)
ശ്രീമതി ബിൻസി ജേക്കബ്ബ് (യു പി എ സ്സ് എ)
ശ്രീ. ടോണി തോമസ് (ഫിസിക്കൽ എഡ്യൂക്കേഷൻ)
ശ്രീ.മാത്യു ജോർജ് ( ക്ലാർക്ക്)
ശ്രീമതി സാന്റി ജേക്കബ് (ഓഫീസ് അസിസ്റ്റൻഡ്)
ശ്രീമതി രമ്യ മാത്യു  (ഓഫീസ് അസിസ്റ്റൻഡ്)
ശ്രീ.തനൂപ് കെ.എ (FTM)

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പൊതുലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതായത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

കുട്ടികളുടെ സർഗ്ഗപരവും അക്കാദമികമായ കഴിവുകൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

കായിക മേഖലയിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് അവരെ സംസ്ഥാന ദേശീയ ചാമ്പ്യന്മാരാക്കി മാറ്റുക.

കുട്ടികളിൽ കമ്പ്യൂട്ടർ അഭിരുചി, വായനശീലം, പ്രകൃതിസ്നേഹചരിത്രാവബോധം, കൃഷിയോടുള്ള താൽപര്യം ദേശീയ ബോധം എന്നിവ വളർത്തുക.

കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക.

GENERAL

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി നവീകരണം | സ്കൂൾ ലൈബ്രറിയിൽ എല്ലാ വിഷയങ്ങളിലും കുട്ടികളുടെ നിലവാരത്തിന് അനുസൃതമായ പുസ്തകങ്ങൾ ഉൾപ്പെടുത്തുക. കൂടാതെ ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കുക. ഇതിൽ ആ ക്ലാസ്സിലെ സിലബസുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഉൾപ്പെടുത്തുകയും പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്യുക. പുസ്തകങ്ങൾ കുട്ടികൾ ജന്മദിനസമ്മാനമായി സംഭാവന ചെയ്യുകയും ബാക്കി പി.റ്റി.എ, പഞ്ചായത്ത്, ബി.ആർ.സി, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അദ്ധ്യാപകർ എന്നിവരുടെ സഹായത്തോടെ ചെയ്യുന്നു. | 5 മുതൽ 10 വരെ (യുപി & എച്ച്.എസ് ) | ദീർഘകാലം | സ്കൂൾ എസ്.ആർ.ജി & പി.റ്റി.എ, ക്ലാസ്സ് ലൈബ്രറി, ക്ലാസ്സ് ടീച്ചേഴ്സ് | HM | പുസ്തകങ്ങൾ, ഡസ്ക്, ബഞ്ച്, അലമാര | എസ്.ആർ.ജി, പൂർവ്വ വിദ്യാർത്ഥികൾ, പി.റ്റി.എ, വിദ്യാർത്ഥികൾ, ത്രിതല പഞ്ചായത്തുകൾ |

GENERAL

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 2. | സ്മാർട്ട് ക്ലാസ്റൂം സജ്ജീകരണം | സ്കൂളിലെ 16 ക്ലാസ്സ് റൂമുകളും സ്മാർട്ട് ക്ലാസ്സ് റൂം ആക്കുക. LCD projector, Computer, Smart board Internet Connection എന്നിവ സജ്ജീകരിക്കുക. പാഠഭാഗങ്ങളുടെ Visual Animation കാണിച്ച് പഠിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക. | 5 മുതൽ 10 വരെയുള്ള 16 ക്ലാസ്സുകളും | ദീർഘകാലം | പി.റ്റി.എ & എസ്.ആർ.ജി | HM | LCD Projector, Small Board Well equiped Clas room | [illegible] എസ്.ആർ.ജി ജനപ്രതിനിധികൾ പി.റ്റി.എ |
| 3. | യു.പി കമ്പ്യൂട്ടർ ലാബ് | യു.പി കുട്ടികൾക്ക് കാണാൻ 8 കംപ്യൂട്ടർ ഉൾക്കൊള്ളുന്ന ഒരു കംപ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നു. | 5-7 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ (യു.പി ) | ദീർഘകാലം | UP SRGC | HM | Computer. Well equiped, Lab | ത്രിതല പഞ്ചായത്ത് എം.പി, എം.എൽ.എ ഫണ്ട് |

GENERAL

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 4. | റീഡിംഗ് റൂം | കുറഞ്ഞത് 30 കുട്ടികൾക്ക് ഇരുന്ന് വായിക്കാൻ പറ്റിയ തരത്തിലുള്ള ഒരു റീഡിംഗ് റൂം തയ്യാറാക്കുക. ഈ റീഡിംഗ് റൂമിൽ ആവശ്യത്തിന് കസേരകളും വലിയ മേശകളും അനുകാലികങ്ങൾ വയ്ക്കാൻ ട്രേയും തയ്യാറാക്കുക. ദിനപത്രങ്ങൾ, ആഴ്ചപതിപ്പുകൾ, മാസികകൾ എന്നിവ ആവശ്യത്തിന് സ്പോൺസേഴ്സിന്റെ സഹായത്തോടെ ലൈബ്രറിയിൽ എത്തിക്കുന്നു. | 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് പൊതുവായി | ഹ്രസ്വകാലം | മലയാളം അദ്ധ്യാപകർ HS & UP | HM | News Paper, Weekly, Monthly | പി.റ്റി.എ ത്രിതല പഞ്ചായത്ത് |
| 5. | നിലവിലെ കമ്പ്യൂട്ടർ ലാബ് നവീകരണം | പല തലങ്ങളിൽ നിന്ന് ഉള്ള സാമ്പത്തികസഹായത്തോടെ നിലവിലുള്ള കമ്പ്യൂട്ടർ ലാബ് ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നു. | 8–10 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ (എച്ച്.എസ്) | മധ്യമകാലം | SITC & SRG | HM | Computer | ഐ.ടി ഡിപ്പാർട്ട്മെന്റ്, ഗവൺമെന്റ് |
| 6. | ശാസ്ത്ര സാമൂഹിക ശാസ്ത്ര ലാബ് | യു.പി കുട്ടികൾക്ക് മാത്രമായി ഒരു പരീക്ഷണശാല സ്ഥാപിക്കുക. | 5 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്ക് | മധ്യമകാലം | UP Science, Social Science Teachers | HM | ശാസ്ത്രോപകരണങ്ങൾ | ബി.ആർ.സി |

GENERAL

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 7. | കലാകായിക പ്രവൃത്തി പരിചയം | കലാകായിക പ്രവർത്തി പരിചയമേഖലകൾക്ക് വിദഗ്ധ പരിശീലനം കുട്ടികൾക്ക് ലഭിക്കുവാനുള്ള സാഹചര്യവും സൗകര്യവും ക്രമീകരിക്കുന്നു. ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം സിദ്ധിച്ച സ്ഥിരം അദ്ധ്യാപകരുടെ സേവനം ഉറപ്പു വരുത്തുക. സംഗീതോപകരണങ്ങൾ, നാടകഹാൾ, സംഗീതലാബ്, കരകൗശലവസ്തുക്കൾ നിർമ്മിക്കാനാവശ്യമായ സാമഗ്രികൾ എന്നിവ ക്രമീകരിക്കുക. | 5 മുതൽ 10 വരെ | ദീർഘകാലം | BRC PTA | HM | കലാകായിക ഉപകരണങ്ങൾ | ഗവൺമെന്റ്. പി.റ്റി.എ |

GENERAL

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 8. | ലാംഗ്വേജ് ലാബ് | 5 മുതൽ 10 വരെയുള്ള കുട്ടികളുടെ ഇംഗ്ലീഷ് , മലയാളം, ഹിന്ദി ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുവാനായി പരമാവധി സംവിധാനങ്ങളോടുകൂടിയ ഒരു ലാംഗ്വേജ് ലാബ് ആരംഭിക്കുന്നു. മുപ്പതിലധികം കുട്ടികൾക്ക് ഒരേസമയം ഉപയോഗിക്കുവാനുള്ള സംവിധാനങ്ങളോടുകൂടിയ ലാബാണ് വിഭാവനം ചെയ്യുന്നത്. | ക്ലാസ്സ് 5 മുതൽ 10 വരെ | ദീർഘകാലം | ഭാഷാദ്ധ്യാപകർ | HM | ക്ലാസ്സ് റൂം ഉപകരണങ്ങൾ | പി.റ്റി.എ എസ്.ആർ.ജി ത്രിതല പഞ്ചായത്ത് |

# ENGLISH

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | Story Time | യു.പി വിഭാഗത്തിൽ എല്ലാ വെള്ളിയാഴ്ചയും ഇംഗ്ലീഷ് ഡേ ആചരണം. പാഠഭാഗവുമായി ബന്ധപ്പെട്ട കഥാഭാഗങ്ങൾ കണ്ടെത്തി ഓരോ കുട്ടിയും അവതരിപ്പിക്കുന്നു | 5 മുതൽ 7 വരെ ക്ലാസ്സുകാർക്ക് ( UP) | ഒരു വർഷത്തിൽ 32 ദിവസങ്ങൾ (ഹ്രസ്വകാലം) | UP English Teacher | HM | CD,Books | എസ്.ആർ.ജി, |
| 2. | Poem Club | കലാവാസനയുള്ള കുട്ടികൾക്ക് എച്ച്.എസ്, യു.പി വിഭാഗങ്ങളിൽ English Poem Club രൂപീകരിച്ചിരിക്കുന്നു. Poem Writing ആണ് ലക്ഷ്യം. | 5 മുതൽ 10 വരെ ക്ലാസ്സുകാർക്ക് (UP, HS) | ആഴ്ചയിൽ 1 മണിക്കൂർ വീതം ആകെ 40 മണിക്കൂർ (ഒരു വർഷം) ഹ്രസ്വകാലം | HS English Teacher, UP English Teacher | HM | Paper | എസ്.ആർ.ജി |
| 3. | English Library | എല്ലാ ക്ലാസ്സുകളിലും കുട്ടികളുടെ നിലവാരം അനുസരിച്ച് കുട്ടികളുടെ അത്ര എണ്ണം പുസ്തകമടങ്ങുന്ന ലൈബ്രറി | 5 മുതൽ 10 വരെയുള്ള ക്ലാസ്സുകാർക്ക് (UP, HS) | 2018–ജൂലൈ മാസത്തിനുള്ളിൽ സജ്ജീകരിച്ചിരിക്കുന്നു (ഹ്രസ്വകാലം) | UP English Teacher, HS English Teacher | HM | ബുക്ക്സ്, അലമാര | പി.റ്റി.എ പൂർവ്വ വിദ്യാർത്ഥികൾ |

ENGLISH

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 4. | English News Reading Recitation Speech | 1 വർഷം മുഴുവൻ അവധിദിവസങ്ങളിൽ 3 മണിക്കൂർ വീതം (ശനി, പൊതുഅവധി ദിവസങ്ങളിൽ ) | 5 മുതൽ 10 വരെയുള്ള ക്ലാസ്സുകാർക്ക് (UP, HS) | 12 ദിവസങ്ങൾ (ഹ്രസ്വകാലം) | UP English Teacher | HM | News Paper, Books | എസ്.ആർ.ജി |
| 5. | English Drama & Theater Script Writing | ജനുവരി മാസത്തിൽ അഭിനയചാതുര്യമുള്ള കുട്ടികളെ വച്ച് നടത്തുന്നു. | 8,9,10 ക്ലാസ്സുകാർക്ക് (HS) | ജനുവരി മാസം ഒരാഴ്ച ഉച്ചയ്ക്കു ശേഷം (മധ്യമകാലം) | HS English Teacher | HM | Class Room | എസ്.ആർ.ജി |
| 6. | English Assembly | മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. അസംബ്ലിയിൽ എല്ലാ കാര്യങ്ങളും ഇംഗ്ലീഷ് ലാംഗ്വേജ്-ൽ നടത്തുന്നു. (ദേശീയഗാനം ഒഴികെ ) | For all Classes | 8 ദിവസങ്ങൾ (ഹ്രസ്വകാലം) | Englsh Teacher | HM | | എസ്.ആർ.ജി |

## MATHEMATICS

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | ഗണിതക്ലാസ്സ് | മത്സരങ്ങൾ, ക്വിസ്, മോഡൽ നിർമ്മാണം, പസിലുകൾ,നമ്പർ പാറ്റേണുകൾ, ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ, ഗണിതനാടകം എന്നിവ നടത്തും. | 5 മുതൽ 10 വരെ (യുപി & എച്ച്.എസ് ) | ആഴ്ചയിൽ രണ്ടുമണിക്കൂർ വീതം ( വർഷം 60 മണിക്കൂർ ) ദീർഘകാലം | UP, HS ഗണിത അദ്ധ്യാപകർ | HM | സ്റ്റേഷനറി ഐറ്റംസ് | എസ്.ആർ.ജി. |
| 2. | ഗണിത ലൈബ്രറി | ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തശേഖരം തയ്യാറാക്കുന്നു. | ഓരോ ക്ലാസ്സിനും പ്രത്യേകം UP & HS | ജൂൺ– ആഗസ്റ്റ് (3 മാസം) ഹ്രസ്വകാലം | UP, HS ഗണിത അദ്ധ്യാപകർ | HM | ബുക്ക്സ് | ബി.ആർ.സി പഞ്ചായത്ത് എസ്.ആർ.ജി. പി.റ്റി.എ |
| 3. | ഗണിതപാർക്ക് | വിശ്രമസയമങ്ങളിൽ ഗണിതചിന്തകളിലൂടെ വ്യാപാരിക്കുവാൻ അവസരം നൽകുന്നു. | യു.പി, എച്ച്.എസ് ക്ലാസ്സുകൾക്ക് പ്രത്യേകം | സെപ്റ്റംബ്ബർ– ഒക്ടോബർ (2 മാസം ) ഹ്രസ്വകാലം | UP, HS ഗണിത അദ്ധ്യാപകർ | HM | ബുക്ക്സ് | പി.റ്റി.എ |
| 4. | ഗണിതവീട് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം നൽകുന്നു. | യു.പി, എച്ച്.എസ് ക്ലാസ്സുകൾക്ക് പ്രത്യേകം | 6 മാസം (മധ്യമകാലം) | UP, HS ഗണിത അദ്ധ്യാപകർ | HM | ബുക്ക്സ് | Maths Teacher |

MATHEMATICS

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 5 | ഗണിത വാരാഘോഷം | ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകൾ ഗണിതശാസ്ത്രജ്ഞന്മാരുടെ ചിത്രപ്രദർശനം, വിവിധ ഗണിതമത്സരങ്ങൾ, ക്വിസ്, മോഡൽ നിർമ്മാണം, പസിലുകൾ, നമ്പർ പാറ്റേണുകൾ, ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ, ഗണിതനാടകം എന്നിവ നടത്തും. | 5 മുതൽ 10 വരെ (യുപി & എച്ച്.എസ് ) | ഒരു ആഴ്ച (ഹ്രസ്വകാലം) | UP, HS ഗണിത അദ്ധ്യാപകർ | HM | സ്റ്റേഷനറി ഐറ്റംസ് | എസ്.ആർ.ജി, |

MALAYALAM

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം, വായന എന്നിവയിൽ പിന്നോക്കം നിൽക്കുന്നവരെ ഉയർത്താൻ അക്ഷര കാർഡ്, വാക്കുകൾ എഴുതി കാർഡ് അടിക്കുറിപ്പ് മത്സരം, കഥാപുസ്തകം നൽകൽ എന്നിവ. | 5,6,7,8 UP & STD-8 | ജൂലൈ–ഓഗസ്റ്റ് (രണ്ട് മാസം) ഹ്രസ്വകാലം | UP, HS മലയാളം അദ്ധ്യാപകർ | HM | ചാർട്ട് | എസ്.ആർ.ജി, |
| 2. | മലയാളവായനാ വാരം | കേരളപിറവിയോടനുബന്ധിച്ച് മലയാളവാരം ആഘോഷിക്കുന്നു. വായന, പ്രസംഗം, കഥ, കവിത. | 5–10 വരെ യുള്ള ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും UP & HS | ഒരു ആഴ്ച ഹ്രസ്വകാലം | UP, HS മലയാളം അദ്ധ്യാപകർ | HM | ബുക്ക്സ്, പേപ്പർ | എസ്.ആർ.ജി. |
| 3. | ക്ലാസ്സ്,ലൈബ്രറി രൂപീകരിക്കൽ | കഥ, കവിത, ഉപന്യാസം, പ്രസംഗം, നോവൽ, ചെറുകഥ തുടങ്ങിയ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട പുസ്തകങ്ങൾ അടങ്ങിയ ക്ലാസ്സ്, ലൈബ്രറി | 5–10 വരെ യുള്ള ക്ലാസ്സിലെ മുഴുവൻ കുട്ടികൾ | ജൂൺ – ആഗസ്റ്റ് (3 മാസം) (മധ്യമകാലം) | UP, HS മലയാളം അദ്ധ്യാപകർ | HM | ബുക്ക്സ് | പി.റ്റി.എ എസ്.ആർ.ജി ബി.ആർ.സി പഞ്ചായത്ത് |

MALAYALAM

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 4. | കുട്ടികളുടെ വാർത്ത വായന | ആഴ്ചയിൽ 2 ദിവസം കുട്ടികളുടെ വാർത്തവായന മൈക്കിലൂടെ നടത്തുന്നു. ഒപ്പം ഓരോ ക്ലാസ്സിലും മലയാളം പീരിയഡിന്റെ തുടക്കത്തിലും നടത്തുന്നു. | 5 മുതൽ 10 വരെയുള്ള കുട്ടികൾ | ഒരു വർഷം മുഴുവൻ (ദീർഘകാലം) | UP, HS മലയാളം അദ്ധ്യാപകർ | HM | ബുക്ക്സ് | എസ്.ആർ.ജി |
| 5. | മ്യൂസിയം | മലയാളവുമായി ബന്ധപ്പെട്ട വസ്തുക്കൾ ഉൾക്കൊള്ളിച്ച് ഒരു മ്യൂസിയം.<br>താളിയോല ഗ്രന്ഥങ്ങൾ<br>സംസ്കൃതം<br>തുള്ളൽ, കഥകളി, തെയ്യം തുടങ്ങിയ കലാരൂപങ്ങൾ മാതൃക കഥാകാരന്മാരുടെയും കവികളുടെയും ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | 5 മുതൽ 10 വരെയുള്ള കുട്ടികൾ | 6 മാസം കൊണ്ട് പൂർത്തിയാക്കുന്നു. | UP, HS മലയാളം അദ്ധ്യാപക | HM | Room, Items | എസ്. ആർ.ജി, പി.റ്റി.എ, പൊതുജനങ്ങൾ |

## SOCIAL SCIENCE

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | സോഷ്യൽ സയൻസ് ഫെസ്റ്റ് | ചരിത്രപ്രദർശനം, പുരാവസ്തു പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ, ഭൂപടനിർമ്മാണം എന്നിവ ഒരു ദിവസം സംഘടിപ്പിക്കുന്നു. | 5 മുതൽ 10 വരെ ക്ലാസ്സുകൾ UP & HS | ഒരുദിവസം (ഹ്രസ്വകാലം) | UP & HS സോഷ്യൽ സയൻസ് അദ്ധ്യാപകർ | HM | സ്റ്റേഷനറി ഫണ്ട് | എസ്.ആർ.ജി, |
| 2. | ചരിത്രമ്യൂസിയം | സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിച്ച് ഒരു ക്ലാസ്സ് റൂം മ്യൂസിയമാക്കി മാറ്റുന്നു. നാണയം, പുരാതന ഉപകരണങ്ങൾ തുടങ്ങിയവ ശേഖരിച്ച് വയ്ക്കുന്നു. | സ്കൂളിന് മുഴുവനായി (UP & HS) | ഒരു വർഷം (ദീർഘകാലം) | UP & HS സോഷ്യൽ സയൻസ് അദ്ധ്യാപകർ | HM | Old Items | പൊതുജനങ്ങൾ എസ്.ആർ.ജി പി.റ്റി.എ |
| 3. | ഡിജിറ്റൽ ആൽബം | തയ്യാറാക്കി സോഷ്യൽ സയൻസ് ക്ലബ്ബിൽ അവതരിപ്പിക്കുന്നു. | HS വിഭാഗത്തിന് | ഒരു വർഷം ( മധ്യമകാലം) | HS സോഷ്യൽ സയൻസ് ടീച്ചർ | HM | സി.ഡി | എസ്.ആർ.ജി |

## SOCIAL SCIENCE

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 4. | സോഷ്യൽ സയൻസ് ലൈബ്രറി | ഓരോ ക്ലാസ്സിലും ഭിത്തിയിൽ സ്ഥാപിക്കാവുന്ന വിധം സിലബസുമായി ബന്ധപ്പെട്ട സോഷ്യൽ സയൻസ് ബുക്ക്സ് അടങ്ങുന്ന ലൈബ്രറി | 5 മുതൽ 10 വരെ ക്ലാസ്സുകൾക്ക് HS & UP | ജൂൺ – ആഗസ്റ്റ് (ഹ്രസ്വകാലം) | UP & HS സോഷ്യൽ സയൻസ് അദ്ധ്യാപകർ | HM | ബുക്ക്സ് | Old Teachers Students Current Students, PTA, SRG, BRC |
| 5. | ഭൂമിശാസ്ത്ര ഉപകരണങ്ങളുടെ പരിചയപ്പെടൽ | സ്റ്റീരിയോസ്കോപ്പ്, ഭൂപടം, മഴമാപിനി തുടങ്ങി നിരവധി ഉപകരണങ്ങൾ ശേഖരിച്ച് അനുയോജ്യമായ സമയങ്ങളിൽ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു. | 8 മുതൽ 10 വരെ ക്ലാസ്സുകൾക്ക് HS | ജൂലൈ, സെപ്തംബർ-ഒക്ടോബർ ( 4 മാസം) മധ്യമകാലം | HS സോഷ്യൽ സയൻസ് ടീച്ചർ | HM | ഉപകരണങ്ങൾ | S.R.G, B.R.C |

SCIENCE

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | ലാബ് വിപുലപ്പെടുത്തൽ | യു.പി, എച്ച്.എസ് വിഭാഗങ്ങൾക്ക് പ്രത്യേകമായി എല്ലാ പാഠബന്ധിത ആവശ്യവസ്തുക്കളും ഉൾപ്പെടുന്ന ലാബ് സജ്ജീകരിച്ച് ലാബിൽ വച്ച് മാത്രം ശാസ്ത്രപഠനം. | യു.പി, എച്ച്.എസ് പ്രത്യേകം (UP & HS) | ജൂൺ മുതൽ ആഗസ്റ്റ് വരെ മൂന്ന് മാസത്തേക്ക് (ഹ്രസ്വകാലം) | UP & HS സയൻസ് അദ്ധ്യാപകർ | HM | Rooms and Lab Equipment | പഞ്ചായത്ത്, എസ്.ആർ.ജി, ബി.ആർ.സി, പി.റ്റി.എ |
| 2. | ഔഷധത്തോട്ടം പൂന്തോട്ടം നിർമ്മാണം | കുട്ടികൾക്ക് പ്രകൃതിയെയും സസ്യലോകത്തെയും അടുത്തറിയാൻ ചെറിയ ഔഷധതോട്ടം, പൂന്തോട്ടം നിർമ്മിക്കുന്നു. | യു.പി, എച്ച്.എസ് പൊതുവായി (UP & HS) | ജൂൺ മുതൽ ആഗസ്റ്റ് വരെ മൂന്ന് മാസത്തേക്ക് (ഹ്രസ്വകാലം) | UP & HS സയൻസ് അദ്ധ്യാപകർ | HM | ഔഷധ തൈകൾ പൂച്ചെടികൾ | പി.റ്റി.എ, സ്റ്റുഡന്റ്, എസ്.ആർ.ജി |
| 3. | ശാസ്ത്ര വാരാഘോഷം | സയൻസ് വർക്കിംഗ് മോഡൽ എക്സ്പിരിമെൻസ്, സ്റ്റിൽ മോഡൽ എന്നിവയുടെ മത്സരവും ശാസ്ത്രക്വിസ് മത്സരവും നടത്തുന്നു. | അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും (UP & HS) | ഒക്ടോബർ മാസത്തിലെ ഒരാഴ്ച (മധ്യമകാലം) | UP & HS സയൻസ് അദ്ധ്യാപകർ | HM | | എസ്.ആർ.ജി |

SCIENCE

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 4. | ശാസ്ത്രദിനം | ശാസ്ത്രദിനാചരണത്തോടനുബന്ധിച്ച് അന്നേദിവസം ക്ലാസ്സ് തലത്തിൽ ഓരോ കുട്ടിയും പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു പരീക്ഷണം അവതരിപ്പിക്കുന്നു. | അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ | ഒക്ടോബർ മാസത്തിലെ ഒരു ദിവസം (ഹ്രസ്വകാലം) | UP & HS ശാസ്ത്ര അദ്ധ്യാപകർ | HM | | എസ്.ആർ.ജി |
| 5. | ശാസ്ത്ര ലൈബ്രറി | ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ അടങ്ങിയ ക്ലാസ്സ് ലൈബ്രറി | ഓരോ ക്ലാസ്സിനും പ്രത്യേകം | ജൂൺ മുതൽ ആഗസ്റ്റ് വരെ മൂന്ന് മാസക്കാലത്തേയ്ക്ക് (ഹ്രസ്വകാലം) | UP & HS സയൻസ് അദ്ധ്യാപകർ | HM | ബുക്ക്സ് | പി.റ്റി.എ, സ്റ്റുഡന്റ്, എസ്.ആർ.ജി |
| 6. | ശാസ്ത്രജ്ഞന്മാരുടെ ദിനാചരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളിലെ ശാസ്ത്രജ്ഞന്മാരുടെ ജന്മദിനത്തിൽ അവരെപ്പറ്റിയുള്ള പ്രദർശനം നടത്തപ്പെടുന്നു. | അഞ്ച് മുതൽ പത്തുവരെ ക്ലാസ്സുകൾക്ക പൊതുവായി | ദീർഘകാലം | | HM | | എസ്.ആർ.ജി |
| 7. | അവശ്യവസ്തു നിർമ്മാണ പരിശീലനം | സോപ്പ് പോലുള്ള നിത്യോപയോഗ വസ്തുക്കളിൽ ഒന്ന് ഒരു ശനിയാഴ്ച നിർമ്മിക്കാൻ കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ഏഴ് മുതൽ പത്തുവരെ ഉള്ള ക്ലാസ്സിലെ കുട്ടികൾക്ക് | നവംബർ മാസത്തിലെ ഒരു ദിവസം ( മധ്യമകാലം) | UP & HS സയൻസ് അദ്ധ്യാപകർ | HM | Raw Materials | എസ്.ആർ.ജി |

HINDI

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | ഹിന്ദി ദിനാചരണം | മാസത്തിൽ ഒരു ദിവസം ഹിന്ദി ദിനം ആചരിക്കുന്നു.അന്ന് ഹിന്ദി അസംബ്ലി കൂടുകയും ഹിന്ദി, ന്യൂസ് റീഡിംഗ്, ഹിന്ദി സിനിമ പ്രദർശനം, ഹിന്ദി ഡോക്യുമെന്ററി പ്രദർശനം എന്നിവ നടത്തുന്നു. അവധി ദിവസങ്ങളിൽ ഹിന്ദി വാർത്ത, ഹിന്ദിയിലുള്ള ടി.വി. പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. | 5 മുതൽ 10 വരെ ക്ലാസ്സുകൾക്ക് (UP , HS) | ജനുവരി മാസത്തിലെ ഒരു ദിവസം (ഹ്രസ്വകാലം) | ഹിന്ദി അദ്ധ്യാപകർ | HM | | എസ്.ആർ.ജി. |
| 2. | ഹിന്ദി വാരാഘോഷം | ഒരാഴ്ച കഥാരചന, കവിതാരചന, നാടക അവതരണം എന്നിവയ്ക്കായി മാറ്റിവയ്ക്കുന്നു. | 5 മുതൽ 10 വരെ ക്ലാസ്സുകൾക്ക് (UP , HS) | ഒക്ടോബർ മാസത്തിലെ ഒരാഴ്ച (ഹ്രസ്വകാലം) | ഹിന്ദി അദ്ധ്യാപകർ | HM | ക്ലാസ്സ് | എസ്.ആർ.ജി |
| 3. | അക്ഷരം പഠിപ്പിക്കൽ | സ്വരാക്ഷരങ്ങളുടെയും വ്യഞ്ജനാക്ഷരങ്ങളുടെയും ചാർട്ട് തയ്യാറാക്കി ക്ലാസ്സ് മുറിയിൽ ഇടുന്നു. ഇടവേളയിൽ കുട്ടി കണ്ട് മനസ്സിലാക്കുന്നു. വൈകുന്നേരങ്ങളിൽ അധിക പരിശീലനം നൽകുന്നു. കുട്ടികളെക്കൊണ്ട് ചാർട്ട് തയ്യാറാക്കുന്നു. ഐ.സി.റ്റി സഹായം തേടുന്നു. | 5, 6 ക്ലാസ്സുകൾക്ക് (യു.പി ) | 3 മാസം (ഹ്രസ്വകാലം) | ഹിന്ദി അദ്ധ്യാപകർ | HM | | എസ്.ആർ.ജി |

HINDI

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 4. | വായന പരിശീലനം | അക്ഷരങ്ങളും ചിഹ്നങ്ങളും പരിചയപ്പെടുത്താൻ ഐ.സി.റ്റി സഹായം തേടുന്നു. ആദ്യം രണ്ടക്ഷരമുള്ള ചിഹ്നമില്ലാത്ത വാക്കുകൾ പഠിപ്പിക്കുന്നു. തുടർന്ന് മൂന്നും,നാലും അക്ഷരമുള്ള ചിഹ്നങ്ങൾ ഉള്ള വാക്കുകൾ പഠിപ്പിക്കുന്നു. ഒരു വാക്യം, ഒരു ദിവസം പഠിക്കാൻ പറ്റുന്നു. | 5 മുതൽ 7 വരെ ക്ലാസ്സുകൾക്ക് (UP) | ആറു മാസം (മധ്യമകാലം) | UP ഹിന്ദി അദ്ധ്യാപകർ | HM | ബുക്ക്സ്, ചാർട്ട് | എസ്.ആർ.ജി, |
| 5. | എണ്ണം പഠിപ്പിക്കൽ | ചാർട്ട് തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. എണ്ണത്തിന്റെ ആദ്യ അക്ഷരങ്ങൾ പരിചയപ്പെടുത്തി പഠിപ്പിക്കുന്നു. | 5 മുതൽ 7 വരെ ക്ലാസ്സുകൾക്ക് (UP ) | മൂന്ന് മാസം (ഹ്രസ്വകാലം) | UP ഹിന്ദി അദ്ധ്യാപകർ | HM | ചാർട്ട് | എസ്.ആർ.ജി |
| 6. | ജീവിതഗന്ധിയായ വാക്കുകളുടെ പരിശീലനം | പഴങ്ങൾ, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, സസ്യങ്ങളെ സൂചിപ്പിക്കുന്ന വാക്കുകൾ തൊഴിലിനെ സൂചിപ്പിക്കുന്ന വാക്യങ്ങൾ വാക്യങ്ങൾ എന്നിവയുടെ ചാർട്ടുകൾ ക്ലാസ്സ് മുറിയിൽ തയ്യാറാക്കുന്നു. കൂടാതെ കുട്ടികളെക്കൊണ്ട് തയ്യാറാക്കിക്കുന്നു.ഐ.സി.റ്റി സഹായം തേടുന്നു. | (UP, HS ) | ആറ് മാസം (മധ്യമകാലം) | HS ഹിന്ദി അദ്ധ്യാപകർ | HM | ചാർട്ട് മേക്കർ | എസ്.ആർ.ജി |

HINDI

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 7. | വാക്യ നിർമ്മാണം | പ്രത്യയശാസ്ത്രങ്ങളുടെ അർത്ഥം പഠിപ്പിക്കുന്നു. ക്രിയകളുടെ ഹിന്ദി ശബ്ദം പഠിപ്പിക്കുന്നു. ചെറിയ വാക്കുകൾ ഉണ്ടാക്കാൻ പഠിപ്പിക്കുന്നു. | 6 മാസം | ആറു മാസം (മധ്യമകാലം) | HS ഹിന്ദി അദ്ധ്യാപകർ | HM | ചാർട്ട് മേക്കർ | എസ്.ആർ.ജി, |

# PHYSICAL EDUCATION

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | ചെസ്സ് പരിശീലനം | കുട്ടികൾക്ക് ബൗദ്ധികവികാസത്തിനായി ചെസ് ബോക്സുകൾ 12 എണ്ണം വാങ്ങി എല്ലാ വ്യാഴം-വൈകിട്ട് 4 മുതൽ 5 വരെ പരിശീലിപ്പിക്കുന്നു. | താൽപര്യമുള്ള എല്ലാ കുട്ടികൾക്കും | ആഴ്ചയിൽ ഒരുദിവസം വീതം 1 വർഷം (മധ്യമകാലം) | കായിക അദ്ധ്യാപകർ | HM | ചെസ്സ് ബോർഡ് | പി.റ്റി.എ സൊസൈറ്റി |
| 2. | കരാട്ടെ പരിശീലനം | കുട്ടികൾക്ക് എല്ലാ ശനിയാഴ്ചയും കരാട്ടേ പരിശീലനം | ,, | എല്ലാ ശനിയാഴ്ചയും ദീർഘകാലം | കായിക അദ്ധ്യാപകൻ | HM | | പി.റ്റി.എ |
| 3. | സ്പോർട്സ് ക്യാമ്പ് | ക്രിക്കറ്റ്, വോളിബോൾ, ഫുട്ബോൾ, ടെന്നീസ് എന്നിവ പരിശീലനം നൽകുന്നു. | എച്ച്,യു.പി കുട്ടികൾക്ക് പ്രത്യേകം | 3 ടേമിലും അടുപ്പിച്ച് വരുന്ന അവധി ദിവസങ്ങളിൽ (ദീർഘകാലം) | കായിക അദ്ധ്യാപകൻ | HM | Various Type of Bat & Ball | പി.റ്റി.എ |
| 4. | Throw Day | ശനിയാഴ്ചകളിൽ ജാവലിൻ, ഷോട്ട് പുട്ട്, ഹാമർ എന്നിവയുടെ പരിശീലനം | എല്ലാ കുട്ടികൾക്കും | എല്ലാ രണ്ടാം ശനിയാഴ്ചയും (മധ്യമകാലം) | കായിക അദ്ധ്യാപകൻ | HM | Javelin, Harmer Disc | പി.റ്റി.എ |
| 5. | Football Tournament | ഇന്റർ-സ്കൂൾ ഫുട്ബോൾ ടൂർണ്ണമെന്റ് എല്ലാ ജനുവരിയിലും. | മികച്ച സ്പോർട്ട്സ് കുട്ടികൾക്ക് | 4 ദിവസങ്ങൾ ജനുവരിയിൽ (ദീർഘകാലം) | കായിക അദ്ധ്യാപകൻ | HM | | പി.റ്റി.എ |

## HEALTH EDUCATION

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | യോഗാ പരിശീലനം | കുട്ടികൾക്ക് മാനസിക ആരോഗ്യത്തിനു വേണ്ടി ആഴ്ചയിൽ ഒരു മണിക്കൂർ വീതം സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് യോഗപരിശീലനം നൽകുന്നു. | 5 മുതൽ 10 വരെ കുട്ടികൾക്ക് (ദീർഘകാലം) | ദീർഘകാലം | കായിക അദ്ധ്യാപകൻ | HM | | PTA |
| 2. | ആരോഗ്യ വാരാഘോഷം | സ്കൂളിന് സമീപത്തുള്ള സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരുടെ സഹായത്തോടെ കുട്ടികൾക്ക് വിവിധ രോഗങ്ങളെക്കുറിച്ചും അവയുടെ പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും അറിവ് പകർന്നുതരുന്നതിനെക്കുറിച്ചും സെമിനാറുകൾ സംഘടിപ്പിക്കുന്നു. | മുഴുവൻ കുട്ടികൾക്കും | മധ്യമകാലം | ബയോളജി അദ്ധ്യാപകൻ | HM | | PTA |

# WORK EXPERIENCE

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | സ്കൂൾ പ്രവൃത്തി പരിചയമേള | കയർ,ചിരട്ട, പാഴ്‌വസ്തുക്കൾ, പേപ്പർ, മുത്ത് തുടങ്ങിയ വസ്തുക്കൾകൊണ്ടുള്ള കരകൗശലഉൽപന്നങ്ങൾ, വോളിബോൾ നെറ്റ്, ചോക്ക്, കളിമൺ പ്രതിമകൾ എന്നിവയുടെ നിർമ്മാണം, ചിത്രരചന, പെയിന്റിംഗ് തുടങ്ങിയവയിൽ കുട്ടികൾക്ക് പരിശീലനവും അവയുടെ പ്രദർശനവും. | 5 മുതൽ 10 വരെ കുട്ടികൾക്ക് (ദീർഘകാലം) | ദീർഘകാലം | എസ്.ആർ.ജി | HM | Raw Materials | PTA |

# ART EDUCATION

| Sl. No | Programme | Activity | Class | Duration | ചുമതല | വിലയിരുത്തൽ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | സംഗീത പരിശീലനം | സംഗീതാഭിരുചിയുള്ള കുട്ടികൾക്ക് വിദഗ്ധരുടെ സഹായത്തോടെ ആവശ്യമായ പരിശീലനം നൽകുന്നു. | For all Students | ദീർഘകാലം | എസ്.ആർ.ജി | HM | ശബ്ദ സംവിധാനം | PTA |
| 2. | നൃത്ത പരിശീലനം | നൃത്തവാസനയുള്ള കുട്ടികൾക്ക് വിദഗ്ധരുടെ സഹായത്തോടെ ആവശ്യമായ പരിശീലനം നൽകുന്നു. | For all Students | ദീർഘകാലം | എസ്.ആർ.ജി | HM | സ്റ്റേജ് സംവിധാനം, | PTA |
| 3. | നാടക പരിശീലനം | അഭിനയചാതുരിയുള്ള കുട്ടികൾക്ക് ആധുനികസംവിധാനങ്ങളോടെ വിദഗ്ധരുടെ സഹായത്തോടെ ആവശ്യമായ പരിശീലനം നൽകുന്നു. ഈ നാടകം സ്റ്റേജിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | For all Students | ദീർഘകാലം | എസ്.ആർ.ജി | HM | ശബ്ദ സംവിധാനം, സ്റ്റേജ് സംവിധാനം | PTA |

# പ്രതീക്ഷിത നേട്ടങ്ങൾ

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യാവസരം സൃഷ്ടിക്കുന്നു.
- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- വിഷയാധിഷ്ഠിതമായി നേടിയ അറിവുകൾ ജീവിത സന്ദർഭങ്ങളിൽ അർത്ഥപൂർണ്ണമായി പ്രാവർത്തികമാക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു .
- സ്വന്തം കഴിവുകൾ കണ്ടെത്താനും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും കുട്ടികൾക്ക് കഴിയുന്നു.
- സഹജീവികളെ സ്നേഹിച്ചാദരിക്കുന്ന ശീലം വളർത്തുന്നു. ജാതിമതവർഗ്ഗങ്ങൾക്കതീതമായി സഹജരെ സ്നേഹിച്ചാദരിക്കുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവണതകൾ മുളയിലെ നുള്ളിക്കളയുന്നതിന് കാരണമാകുന്നു.
- കുട്ടികളിൽ മികച്ച ശാരീരിക -മാനസീക -വൈകാരിക ആരോഗ്യം ഉറപ്പാക്കുന്നു.
- കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നു.
- കൃഷി ,പച്ചക്കറി വളർത്തൽ ,പരിസര ശുചീകരണം ഇവയെക്കുറിച്ച് ബോധവൽക്കരണവും ഇത്തരം കാര്യങ്ങൾ ഉത്സാഹത്തോടെ ചെയ്യുന്നതിനുള്ള പ്രചോദനവും നൽകുന്നു.